## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1122 30.9.2016-ൽ മറുപടിക്ക്

## തുറമുഖ വകുപ്പിനു കീഴിലുള്ള കടവുകളിലെ മണൽ ഖനനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ.എ. നെല്ലിക്കുന്ന് | | ശ്രീ.രാമചന്ദ്രൻകടന്നപ്പള്ളി<br>(തുറമുഖവും, മ്യൂസിയവും, പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | തുറമുഖ വകുപ്പിനു കീഴിലുള്ള കടവുകളിലെ മണൽ ഖനനവും വിൽപ്പനയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളും അവയുടെ നിജസ്ഥിതിയും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സർക്കാരിന്റെ നിഗമനവും നിലപാടും എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള കടവുകളിൽ നിന്നും ഡ്രെഡ്ജ് ചെയ്ത പദാർത്ഥങ്ങൾ ഓൺലൈൻ ബുക്കിംഗിലൂടെയാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. വിതരണത്തിൽ ലഭിക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെടുമ്പോൾ അവ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഉപ ഓഫീസുകൾക്ക് കർശന നിർദ്ദേശം നല്കുന്നുണ്ട്. |
| (ബി) | തുറമുഖ വകുപ്പിനു കീഴിലുള്ള കടവുകളിലെ മണൽ ഖനനത്തിനും വിപണനത്തിനും പുതിയനയം രൂപവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. മാന്വൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച നയം രൂപവൽക്കരിക്കൽ നടപടിയോടനുബന്ധമായി, മാന്വൽ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട സഹകരണ സംഘം പ്രതിനിധികളുടെ ഒരു ഹിയറിംഗ് 23-09-2016-ൽ സർക്കാർ തലത്തിൽ കൂടുകയുണ്ടായി. |
| (ബി) | തുറമുഖ വകുപ്പിന് കൂടുതൽ വരുമാനം ലഭിക്കുന്നതിനും അർഹരായവർക്കു യഥാസമയം മണൽ ലഭ്യമാക്കുന്നതിനും ഇപ്പോഴുള്ള വ്യവസ്ഥകൾ സുതാര്യമാണെന്ന അഭിപ്രായമുണ്ടോ; ഇല്ലെങ്കിൽ, ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്? | (സി) | റവന്യൂ വകുപ്പിന്റെ കടവുകളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതലാണ് തുറമുഖ വകുപ്പിന്റെ കടവുകളിൽ നിന്നും ലഭിക്കുന്നത്. ഉപഭോക്താവിന് ഡ്രെഡ്ജ് ചെയ്ത പദാർത്ഥങ്ങൾ കുറ്റമറ്റ രീതിയിൽ ലഭ്യമാക്കുന്നതിനാണ് ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചത്. |

സെക്ഷൻ ഓഫീസർ